**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠന സഹായത്തിനായി കെ.എസ്.എഫ്.ഇ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ പഠന സഹായത്തിനായി കെ.എസ്.എഫ്.ഇ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ വിശാദംശങ്ങൾ അറിയിക്കാമോ? | (എ) | 1. കോവിഡ് 19 സാഹചര്യം പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ നടപ്പാക്കിയ ഓൺലൈൻ വിദ്യാസഹായി സ്കീം (OVS) എന്ന പദ്ധതി പ്രകാരം ലൈബ്രറികൾ, അംഗൻവാടികൾ, ക്ലബ്ബുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനാവശ്യത്തിനായി ടിവി വാങ്ങുന്നതിനു സഹായം നൽകിയിരുന്നു. ടി വി സെറ്റിന്റെ വിലയുടെ 75% തുക അല്ലെങ്കിൽ പരമാവധി 10,000/- രൂപ ഏതാണോ കുറവ് അത് എന്ന നിലയിൽ 5980 ടി വി വാങ്ങുന്നതിനായി ഇതുവരെ 5,59,69,445/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 2. അതുപോലെ കുടുംബശ്രീ, കേരള ഐ.ടി മിഷൻ എന്നിവരുമായി കൂടി ചേർന്ന് കെ.എസ്.എഫ്.ഇ നടപ്പാക്കിയ "കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി" പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ പഠനാവശ്യത്തിനുള്ള COCONICS, ACER, LENOVO, HP എന്നീ നാല് കമ്പനികളുടെ ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ലാപ്ടോപ്പ് കമ്പനികൾ പർച്ചേയ്സ് ഓർഡർ നൽകിയ പ്രകാരം ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തിയ സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് അവർ പൊതുവിപണിയിൽ നിന്നും വാങ്ങുന്ന ലാപ്ടോപ്പിന്റെ/ ടാബ്ലെറ്റിന്റെ പ്രഫോർമ ഇൻവോയ്സ്/ ബിൽ ശാഖകളിൽ ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 20,000/- രൂപ വരെയുള്ള തുക നൽകുന്ന വിധത്തിൽ പദ്ധതിയിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. ലാപ്ടോപ്പ്, കമ്പനികൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് കൈപ്പറ്റുവാൻ താത്പര്യമുള്ളവർക്ക് അതിനുള്ള അവസരവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ